"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശം സ്വയംഭരണം-തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണം-അനൗദ്യോഗിക അംഗങ്ങളെ നിർദ്ദേശിക്കുന്നതിന് സെർച്ച് കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1712/2022/LSGD **തീയതി,തിരുവനന്തപുരം, 19-07-2022**

---

പരാമർശം:- വിജ്ഞാപനം നം.3116/ലെഗ്.സി.3/2021/നിയമം തീയതി 14/11/2021

**ഉത്തരവ്**

സംസ്ഥാനത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടേയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടേയും പരിധിയിൽ വരുന്ന തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിനു ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുമായി കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി നിയമം-2021, പരാമർശം പ്രകാരം വിജ്ഞാപനം ചെയ്യുകയുണ്ടായി.

2. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധിയുടെ ഭരണ നിർവ്വഹണത്തിനും നിധിയിൽ നിന്നും ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും വേണ്ടി കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി നിയമം സെക്ഷൻ 8(1) ൽ വിവക്ഷിക്കും പ്രകാരം കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കേണ്ടതുണ്ട്. ക്ഷേമനിധി ബോർഡ് സംബന്ധിച്ച ചട്ടങ്ങൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. ചട്ടങ്ങളുടെ അന്തിമ വിജ്ഞാപനത്തിന് പിന്നാലെ ബോർഡ് പ്രവർത്തനം ആരംഭിക്കേണ്ടതുണ്ട്. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് ഔദ്യോഗിക അംഗങ്ങളും എട്ട് അനൗദ്യോഗിക അംഗങ്ങളും ഡയറക്ടർമാരായി ഉൾപ്പെടുന്നതാണ് ബോർഡിന്റെ ഘടന. തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളും തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ തല്പരരുമായ വ്യക്തികളെയാണ് അനൗദ്യോഗിക അംഗങ്ങളായി നാമനിർദ്ദേശം ചെയ്യേണ്ടത്.

3. മേൽ വിവരിച്ച സാഹചര്യത്തിൽ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ആക്ട്-2021 പ്രകാരം രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ട അനൗദ്യോഗിക അംഗങ്ങളായി ഉൾപ്പെടുത്തേണ്ടവരെ നിർദ്ദേശിക്കുന്നതിനായി ചുവടെ പറയുന്നവർ അടങ്ങുന്ന ഒരു സേർച്ച് കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

1. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ഡയറക്ടർ, MGNREGA സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരള

3. ഡയറക്ടർ ജനറൽ, കില

സെർച്ച് കമ്മിറ്റി യോഗം ചേർന്ന് കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അനൗദ്യോഗിക അംഗങ്ങളായി ഉൾപ്പെടുത്താവുന്ന കുറഞ്ഞത് 8 പേരുടെയും പരമാവധി 12 പേരുടെയും പേരും വിശദാംശങ്ങളും മൂന്നാഴ്ചയ്ക്കകം സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ ജനറൽ, KILA
ഡയറക്ടർ, MGNREGA സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള
മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Sureshkumar K
Date: 20-07-2022 17:01:56

സെക്ഷൻ ഓഫീസർ